മിസ്റ്റർ പി. ടി. ജേക്കബ്ബ്: തോപ്പുംപടി ജനങ്ങൾ വളരെ തിങ്ങിപാർക്കുന്ന ഒരു സ്ഥലമാണ്. അവിടെ രണ്ടു ഹൈസ്കൂളുണ്ട്. വളരെ തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ട്. അവിടെയുള്ള ആളുകൾ, കത്തിടണമെങ്കിൽ മട്ടാഞ്ചേരിയിലൊ പള്ളുരുത്തിയിലൊ ഉള്ള അഞ്ചലാപ്പീസ്സിൽപോയി ഇടണം. മട്ടാഞ്ചേരി അഞ്ചലാപ്പീസിന്റേയും പള്ളുരുത്തി അഞ്ചലാപ്പീസിന്റേയും അകലം നോക്കിയാൽ ഇവിടെ ഒരുഅഞ്ചലാപ്പീസ്സ ആവശ്യമല്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവിടെ ഒരു സബ്ബ് ആപ്പീസ്സ തുറക്കേണ്ടവശ്യമുണ്ടെന്ന തോന്നുന്നില്ല.

Mr. P. T. Jacob *(Latin Christians-Mattancheri):* If there is an office there will be volume.

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവിടെ അതു അത്യാവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നീട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആവശ്യമാണൊ എന്നു അന്വേഷിക്കാമൊ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: വളരെക്കാലമായിട്ടു അന്വേഷിച്ചിട്ടുള്ള ഒരു സംഗതിയാണിതു. ഞാൻ തന്നെ പലപ്പോഴും അന്വേഷിച്ചിട്ടുണ്ട്. അവിടെ ഒരു സബ്പോപ്പീസ്സിനു സ്കോപ്പില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: വളരെ അധികം ഭീമഹർജികൾ അഞ്ചലാപ്പീസ്സ് ആവശ്യപ്പെട്ടുകൊണ്ടു് അയച്ചിട്ടുണ്ട്. അതുകൊണ്ടു ഗവമ്മെണ്ടിനു തോന്നീട്ടില്ലെ അവിടെ ആവശ്യമുണ്ടെന്നു?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവിടെ ഒരു സബ്ബ്അഞ്ചലാപ്പീസ്സ് തുറക്കുന്നതിനു സ്കോപ്പില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: സ്ഥലവും കെട്ടിടവും ഫർണീച്ചർ സാമാനങ്ങളും വെറുതെ കിട്ടുകയാണെങ്കിൽ തുറക്കുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: നഷ്ടോത്തരവാദത്തിനു കച്ചീട്ടും കൊടുക്കണം.

മിസ്റ്റർ പി. കുമാരൻ എഴത്തച്ഛൻ: സ്ഥലവും കെട്ടിടവും ഫർണീച്ചർ സാമാനവും നഷ്ടോത്തരവാദത്തിനു കച്ചീട്ടും വെച്ചുതന്നാലെ അഞ്ചലാപ്പീസ്സ് തുറക്കുകയുള്ളു എന്ന നയം ഗവമ്മെണ്ടു മാറുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതു വളരെ കാലമായി സ്വീകരിച്ചു പോരുന്ന ഒരു നയമാണ്. അതു മാറുവാൻ ഇപ്പോൾ നിവൃത്തിയില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: നഷ്ടോത്തരവാദം ഏൽക്കുവാൻ ആളില്ലാത്ത സ്ഥലത്തു അഞ്ചലാപ്പീസ്സ് തുടങ്ങുകയില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇപ്പോൾ നൂറ ബ്രാഞ്ചഞ്ചലാപ്പീസ്സുകളുണ്ട്. ഇതെല്ലാം അങ്ങിനെയാണു തുടങ്ങിയിട്ടുള്ളതു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അവിടെ ഒരു സബ്ബഞ്ചലാപ്പീസ്സ് ആവശ്യമാണൊ എന്നുള്ളതിനെക്കുറിച്ചു അന്വേഷിക്കാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അന്വേഷിക്കാം.

റാവു സാഹിബ് കെ. അയ്യപ്പൻ: നഷ്ടോത്തരവാദത്തിനു കച്ചീട്ടുവെച്ചു പല സ്ഥലത്തും ബ്രാഞ്ചഞ്ചലാപ്പീസ്സ് തുടങ്ങീട്ടില്ലെ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഉവ്വ്.

ALL INDIA COCOANUT BOARD SCHEME

315. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to place on the Council Table a copy of the scheme, if any, of the work of the All India Cocoanut Board?

Mr. C. J. Mathew *(Secretary to Government):* The Indian Central Cocoanut Committee has been constituted for the improvement and development of the cultivation, marketing and utilisation of cocoanut and cocoanut products in India and in pursuance of this object the

LIBRARY ARCHIVES Kerala Legislative Assembly

Committee would be undertaking various items of development work from time to time. Some of the important items of such work taken on hand by the Committee are contained in the statement placed on the Council Table.

BLOOD TRANSFUSION-OFFICER

316. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവായി മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ ഒരു ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ഓഫീസറെ നിയമിച്ചുവെന്നാണു്;

(ബി) ആ ഓഫീസറുടെ ശമ്പളമെന്തായിരുന്നു;

(സി) ആ ഉദ്യോഗസ്ഥനെ കൽക്കട്ടായിലേക്കു് അയച്ചു ട്രയിനിങ്ങു് കഴിച്ചുതിന് എത്ര ചിലവായി;

(ഡി) ഇപ്പോൾ സർവീസിൽ ഇങ്ങനെ ഒരു ഉദ്യോഗമുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തു കാരണത്താൽ എന്നു നിർത്തലാക്കി;

(എഫ്) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ട്രയിനിങ്ങു് കഴിച്ചുവന്ന ആ ഉദ്യോഗസ്ഥന്റെ ഇപ്പോഴത്തെ ജോലി എന്താണു്;

(ജി) ട്രയാന്റെ ഇപ്പോഴത്തെ ശമ്പളം എന്താണു്?

Mr. C. J. Mathew *(Secretary to Government):*

(എ) ഉവ്വു. ചിങ്ങം ൧-ാംനു-

(ബി) ൬൦—൪—൬൦ + Rs. ൪൦ Duty allowance

(സി) ഒന്നും ചിലവായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇങ്ങനെ ഒരു പ്രത്യേക ഉദ്യോഗം ആവശ്യമില്ലാത്തതിനാൽ ഉവ്വു ചിങ്ങം ൧-ാംനു- മുതൽ നിർത്തൽ ചെയ്തു.

(എഫ്) അസിസ്റ്റാന്റ് ലാബറട്ടറി സ്പെഷ്യലിസ്റ്റ് or (Assistant to the Laboratory Specialist) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വേണ്ടിവരുന്ന അവസരങ്ങളിൽ ആ ജോലിയും അദ്ദേഹം നടത്തുന്നുണ്ടു്.

(ജി) 60—4—120 + Rs. 50 Duty allowance

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ബ്ലഡ്ട്രാൻസ്ഫ്യൂഷൻ അസ്സിസ്റ്റന്റായിരുന്ന ആൾ തന്നെയാണോ ഇപ്പോഴത്തെ അസിസ്റ്റാണ്ടു ലാബറട്ടറി സ്പെഷ്യലിസ്റ്റ്?

മിസ്റ്റർ സി. ജെ. മാത്യു: അതെ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഇപ്പോൾ രണ്ടു ജോലിയും അദ്ദേഹം തന്നെയാണോ ചെയ്യുന്നതു്?

മിസ്റ്റർ സി. ജെ. മാത്യു: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഉദ്യോഗം മറ്റു രാജ്യങ്ങളിലുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: മദിരാശിയിലുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മറ്റു നാട്ടുരാജ്യങ്ങളിലുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: നോട്ടീസു വേണം.

മിസ്റ്റർ പി. നാരായണമേനോൻ: മറ്റു രാജ്യങ്ങളിൽ ഇല്ലാത്തതുകൊണ്ടു് ഇവിടേയും ആവശ്യമില്ല എന്നുവെച്ചു് വേണ്ടെന്നു വെച്ചതാണോ?

മിസ്റ്റർ സി. ജെ. മാത്യു: അതു നടത്തുന്നതു് നഷ്ടമാണെന്നു തോന്നിയതുകൊണ്ടു് വേണ്ടെന്നുവെച്ചു.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ഒരു കൊല്ലം ജോലിയൊന്നുമുണ്ടായിരുന്നില്ലേ?

മിസ്റ്റർ സി. ജെ മാത്യു: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എപ്പോഴാണു് ബ്ലഡ്ട്രാൻസ്ഫ്യൂഷനു ആവശ്യം വരുന്നതെന്നറിയാമോ?

മിസ്റ്റർ സി. ജെ. മാത്യു: ഒരു കൊല്ലത്തിന്നിടക്കു് അങ്ങിനെയുള്ള ഉവ്വു കേസുകളേ വന്നിട്ടുള്ളൂ. ബ്ലഡ്ട്രാൻസ്ഫ്യൂഷനു ആവശ്യം വരുകയാണെങ്കിൽ അതു ചെയ്യുന്നതിനു അദ്ദേഹത്തിനു ൫൦ ക. അലവൻസ് കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly